ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ. പി.ഒ, തിരുവനന്തപുരം. പിൻ- 695035
ഫോൺ: 0471-2302490 /ഫാക്സ്: 0471-2303025/20303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in

എം.എസ്.എ2/79953/2016/ ആ.വ.ഡ. തീയതി: 09/12/2016.

# സർക്കുലർ

വിഷയം:- Habit forming Drugs ന്റെ വിതരണത്തെകുറിച്ചുള്ള മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

സൂചന:- കത്ത്.നം. EXC/3920/2016/XA3, തീയതി 03/10/16, എക്സൈസ് കമ്മീഷ്ണർ, എക്സൈസ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.

വേദന സംഹാരികളായി ഉപയോഗിക്കുന്ന ചില മരുന്നുകളും, ഓപ്പറേഷൻ വേളയിൽ മയങ്ങുന്നതിനായി ഉപയോഗിക്കുന്ന മരുന്നുകളും ലഹരി ലഭിക്കുന്നതിനായി വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഉപയോഗിച്ചു വരുന്നതായും അതിനായി പ്രത്യേക സംഘം തന്നെ പ്രവർത്തിയ്ക്കുന്നതായുമുള്ള നിരവധി പരാതികൾ ലഭിച്ചിരിയ്ക്കുന്നു എന്ന് സൂചന പ്രകാരം എക്സൈസ് കമ്മീഷണർ അറിയിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കണമെന്ന് താങ്കളുടെ കീഴിലുള്ള സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

1) Habit Forming Drugs Double Locker സംവിധാനത്തിൽ സൂക്ഷിക്കേണ്ടതും O.P വിഭാഗത്തിലും I.P വിഭാഗത്തിലും Habit Forming Drugs issue Register സൂക്ഷിക്കേണ്ടതാണ്.

2) രജിസ്റ്ററിൽ O.P/ I.P Number, Name of the Patient, Address, വിതരണം ചെയ്യുന്ന മരുന്നിന്റെ എണ്ണം, നൽകിയ തീയതി, കമ്പനിയുടെ പേര്, Batch Number, Expiry Date എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

ഇവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാ തല ആഫീസർമാരും സംസ്ഥാന തല ഓഫീസർമാരും സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ Habit Forming Drugs issue Register സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്.

ഒപ്പ്
ഡോ.രമേഷ്. ആർ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/കണ്ണൂർ/വയനാട്/കാസർഗോഡ്.

പകർപ്പ്

എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം.

//ഉത്തരവിൻ പ്രകാരം//

V.K. [signature]
ജൂനിയർ സൂപ്രണ്ട്